# Foreign Secretary's Visit to Maldives (November 9-10, 2020)

November 06, 2020

## വിദേശകാര്യ സെക്രട്ടറിയുടെ മാലദ്വീപ് സന്ദർശനം (നവംബർ 9-10, 2020)

നവംബർ 06, 2020

2020 നവംബർ 09 -10 തിയ്യതികളിലായി വിദേശകാര്യ സെക്രട്ടറി ശ്രീ. ഹർഷ് വർധന ശൃംഗള മാൽദ്വീപിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തി.കോവിഡ് -19 പകർച്ച വ്യാധിയെ തുടർന്നുള്ള ഇടവേളയ്ക്ക് ശേഷം ഇരു വിഭാഗങ്ങള് പങ്കെടുക്കുന്ന ആദ്യ ഉന്നത തല ഇടപെടലാണ് സന്ദർശനം.

വിദേശകാര്യ സെക്രട്ടറി പ്രസിഡണ്ട് ഇബ്രാഹിം മുഹമ്മദ് സോലിഹിനെ സന്ദർശിക്കുന്നതിനും വിദേശകാര്യം, പ്രതിരോധം,ധനകാര്യം, സാമ്പത്തികവികസനം, പ്ലാനിംഗ്, ആഭ്യന്തരം, ടൂറിസം കൂടാതെ കായികം എന്നീ വകുപ്പുകളുടെ മന്ത്രിമാരെ കണ്ടെത്തി ചേർച്ച നടത്തുന്നതിനും തീരുമാനിച്ചിരിക്കുന്നു. അദ്ദേഹം സ്പീക്കർ മൊഹമ്മദ് നഷീദിനെയും മറ്റു രാഷ്ട്രീയ നേതാക്കളെയും സന്ദർശിക്കുന്നതായിരിക്കും.

ഇന്ത്യയുടെ 'അയൽ രാജ്യങ്ങൾക്കു മുൻഗണന നൽകുന്ന ' നയത്തിൽ മാൽദ്വീപിന് ഒരു പ്രത്യേക സ്ഥാനമാണുള്ളത്. മാൽദ്വീപുമായി സമയാതീതമായ ശക്തമായ ബന്ധമാണുള്ളത് ഇത്, കഴിഞ്ഞ ഏതാനും മാസങ്ങളായി കൂടുതൽ ശക്തമാകുകയും ചെയ്തിരിക്കുന്നു. കോവിഡ് പ്രതിസന്ധി നേരിടുന്നതിലും ഇന്ത്യ മാൽദ്വീപിന് സഹായം നൽകിയിരുന്നു.

ഉഭയകക്ഷി ബന്ധങ്ങളുടെ മൊത്തത്തിലുള്ള സ്ഥിതികൾ, നടന്നുകൊണ്ടിരിക്കുന്ന ഉഭയ കക്ഷി പ്രൊജക്ടുകളുടെ പുരോഗതി, കൂടാതെ കോവിഡിന് ശേഷമുള്ള സാമ്പത്തിക തിരിച്ചുവരവിനായി ഇന്ത്യയുടെ തുടർ സഹായവും വിദേശകാര്യ സെക്രട്ടറി അവലോകനം ചെയ്തു.

മാൽദ്വീപുമായുള്ള ബന്ധങ്ങൾക്ക് ഇന്ത്യ നൽകുന്ന പ്രാധാന്യത്തിന്റെ സാക്ഷ്യപത്രമാണ് വിദേശകാര്യ സെക്രട്ടറിയുടെ സന്ദർശനം കൂടാതെ ഇത് ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിൽ പുതിയ ആവേശം കൊണ്ട് വരുമെന്ന് പ്രതീക്ഷിക്കപെടുകയും ചെയ്യുന്നു

**ന്യൂ ഡൽഹി**

**06 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.